(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും എത്ര ഹൗസ് കണക്ഷനുകൾ നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കാമോ ;

(സി) സ്റ്റാൻ പദ്ധതി പ്രകാരം എത്ര രൂപ ചെലവഴിച്ചാണ് ശ്രീകൃഷ്ണപുരം ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സ്റ്റാൻ പദ്ധതിയിലൂടെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലേയും സമീപ പഞ്ചായത്തിലേയും ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയിലെ എല്ലാ പ്രവൃത്തികളും 30-6-2014 -ന് പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും ഇതുവരെ വാട്ടർ കണക്ഷൻ നൽകിയിട്ടില്ല. ട്രയൽ റൺ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉടൻതന്നെ കണക്ഷൻ നൽകുന്നതാണ്.

(സി) ഈ പദ്ധതിക്ക് 3124.11 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിൽ 3111.03 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതി

179 (3614) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത് ;

(സി) പദ്ധതിയുടെ നിർമ്മാണത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) കുടിവെള്ള പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് ഒന്നാംഘട്ടമായി പതിനാറാമത് എസ്.എൽ.എസ്.എസ്.സി. 2011-ൽ ഉൾപ്പെടുത്തി 1500 ലക്ഷം രൂപയ്ക്ക് 11-5-2012-ന് ഭരണാനുമതിയും 24-5-2012-ന് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയതിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത് :

LIBRARY ARCHIVES Kerala Legislative Assembly

1. കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചു
2. 9.50 എം.എൽ.ഡി. ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തി 65% പൂർത്തീകരിച്ചു.
3. റോ വാട്ടർ പമ്പിംഗ് മെയിൻ 90% പൂർത്തീകരിച്ചു.
4. കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി എന്നീ പഞ്ചായത്തുകൾക്കായുള്ള ഉന്നതതല ജലസംഭരണികളിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 70% പൂർത്തീകരിച്ചു.

മേൽ പദ്ധതിയുടെ രണ്ടാംഘട്ടമായി 18-ാമത് എസ്.എൽ.എസ്.എസ്.സി. 2012-ൽ ഉൾപ്പെടുത്തി 700 ലക്ഷം രൂപയ്ക്ക് 11-6-2013-ന് ഭരണാനുമതിയും 17-6-2013-ന് സങ്കേതികാനുമതിയും നൽകി. ആയതിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്.

1. തേങ്കുറിശ്ശി പഞ്ചായത്തുകൾക്ക് വേണ്ടി 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു.
2. മൂന്ന് പഞ്ചായത്തുകൾക്ക് വേണ്ടി ക്വാളിറ്റി അഫക്ടഡ് ഹാബിറ്റേഷനുള്ള പ്രദേശങ്ങളിലേയ്ക്ക് വിതരണ ശൃംഖല സ്ഥാപിക്കൽ പ്രവൃത്തി അവസാന ഘട്ടത്തിലാണ്.
3. കൂടാതെ മേൽ പദ്ധതിയുടെ പൂർത്തീകരണത്തിനായി മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കണ്ണാടി ഗ്രാമപഞ്ചായത്തിലേയ്ക്ക് 6 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയും ബാക്കിവരുന്ന മൂന്ന് പഞ്ചായത്തിന്റെ എല്ലാഭാഗത്തേയ്ക്കുമുള്ള വിതരണ ശൃംഖലയ്ക്കുകൂടി 1910 ലക്ഷം രൂപയ്ക്കുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി അടുത്ത എസ്.എൽ.എസ്.എസ്.സി.-യിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ ഡി.എസ്.ആർ. 2014 പ്രകാരം റേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) തേങ്കുറിശ്ശി പഞ്ചായത്തിനുള്ള 8.50 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയുടെ പ്രവൃത്തി പൂർത്തീകരിച്ചു.

(സി) ഇല്ല.

(ഡി) ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും പ്രവൃത്തി 2015 ഡിസംബറിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly